ഉത്തരം

നിയോജക മണ്ഡലം ആസ്തി വികസന സ്കീമിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടും കരാറുകാർ ഏറ്റെടുക്കാത്ത നിർമ്മാണ പ്രവൃത്തികൾ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണം

302(1387) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിൽ മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ;

(ബി) പൂർത്തീകരിക്കാത്ത ഓരോ കെട്ടിടങ്ങളുടെയും നിർമാണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) പയ്യന്നൂർ നിയോജക മണ്ഡലത്തിൽ മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥയും അവ പൂർത്തീകരിക്കാൻ വേണ്ട സമയവും അനുബന്ധമായി ചേർത്തിരിക്കുന്നു.

എന്റെ നിയോജകമണ്ഡലം ആസ്തി വികസന സ്കീം

303 (1388) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിനുകീഴിൽ കുട്ടനാട്ടിൽ അനുവദിച്ച നിർമ്മാണ പ്രവൃത്തികൾ വിശദമാക്കിയ ലിസ്റ്റ് ലഭ്യമാക്കുമോ ;

(ബി) എന്റെ നിയോജക മണ്ഡലം ആസ്തി വികസന സ്കീമിൽ നിന്നും പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദീകരിച്ച കൊണ്ടുള്ള അവലോകന റിപ്പോർട്ട് ലഭ്യമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഗ്രാവലിന് വൈകാതെ മാർക്കറ്റ് റേറ്റ് നൽകാത്തതുമൂലം പല നിർമ്മാണ പ്രവൃത്തികളും കരാറുകാർ ഏറ്റെടുക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഗ്രാവലിന് എസ്.എം.ആർ. അവതരിപ്പിക്കുന്നതിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗത്തിൻകീഴിൽ കൊണ്ടാട്ടിൽ അനാവരിച്ച നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) ഗ്രാവലിന് പ്രോക്കൽ മാർക്കറ്റ് റേറ്റ് നൽകാത്തതുമൂലം പല നിർമ്മാണ പ്രവൃത്തികളും കരാറുകാർ ഏറ്റെടുക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ച ആലപ്പുഴ ജില്ലയുടെ എസ്.എം.ആർ.-ൽ ഗ്രാവലിന്റെ വില പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ദേശീയ പാതകളിൽ ടോൾ പിരിവ്

3044(1389) ശ്രീ. കെ. അജിത് : സ്വന്തം മണ്ഡലത്തിലെ ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ദേശീയ പാതകളിൽ നിന്നും ടോൾ പിരിക്കുന്നതിന്റെ മാനദണ്ഡം എന്തൊക്കെയാണ് ; ഇത്തരം ടോൾ പിരിവിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ടോൾ പിരിവ് സംബന്ധിച്ച് സംസ്ഥാനത്ത് തുടർച്ചയായി നിലനിൽക്കുന്ന തർക്കങ്ങളും സംഘർഷങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ചുള്ള വ്യവസ്ഥകളും നിബന്ധനകളും പൊതുജനസമക്ഷം വെളിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ടോൾ പിരിവിൽ വരുത്തുന്ന വർദ്ധന സംബന്ധിച്ചുള്ള നടപടി ക്രമങ്ങളും നിബന്ധനകളും വിശദമാക്കാമോ;

(ഡി) സർവ്വീസ് റോഡുകൾ പൂർത്തിയാക്കാതെ സ്ഥലങ്ങളിൽ ടോൾ പിരിവ് തുടരുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ ദേശീയപാത ഫീസ് (നിരക്കുകളും ശേഖരണവും നിയന്ത്രിക്കൽ) നിയമം 2008-ഉം അതിന്റെ 2013-ലെ ഭേദഗതി നിയമവും പ്രകാരമാണ് ദേശീയപാതകളിൽ ടോൾ പിരിക്കുന്നത്. പ്രസ്തുത നിയമപ്രകാരം ടോൾ പിരിവ് നിരന്തരമാണ് (perpetual).

---

* ബെന്നി ബഹനാൻ അവർകൾ.

LIBRARY ARCHIVES Kerala Legislative Assembly